"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2023-ന് മുൻപ് പി.എം.എ.വൈ (നഗരം) - ലൈഫ് പദ്ധതി പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, എന്നാൽ ഭവനനിർമ്മാണം പൂർത്തിയാകാത്തതുമായ ഗുണഭോക്താക്കൾക്കുകൂടി ശൗചാലയം പണിയുന്നതിന് യൂണിറ്റ് നിരക്കിന് ഉപരിയായി സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 പദ്ധതി പ്രകാരം അധിക തുക അനുവദിക്കുന്നത് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യുഎം) വകുപ്പ്**

സ.ഉ.(സാധാ) നം.1087/2026/LSGD തീയതി,തിരുവനന്തപുരം, 01-06-2026

---

പരാമർശം:-

1. സ.ഉ(സാധാ)നം.364/2025/LSGD dated 06/02/2025.
2. കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17/02/2026 ലെ 307681/N/2024/KSHO നമ്പർ കത്ത്.
3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.03.2026 ലെ SM/1436/2024-D1 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 പ്രകാരം നഗരസഭകളിൽ വ്യക്തിഗത ഗാർഹിക ശൗചാലയ പരിപാടി നടപ്പിലാക്കുന്നതിന്, പി.എം.എ.വൈ (നഗരം)-ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ 2023 മുതൽ കരാറിൽ ഏർപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് യൂണിറ്റ് നിരക്കിന് പുറമെ ശൗചാലയം നിർമ്മിക്കുന്നതിനായി സ്വച്ഛ് ഭാരത് മിഷൻ (നഗരം) വിഹിതമായി 6,667/- രൂപ അനുവദിച്ച് ഉത്തരവായിരുന്നു. പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 6 പ്രകാരം 2023 മുതൽ PMAY(U) വ്യക്തിഗത ഭവനനിർമ്മാണപദ്ധതിയിൽ എഗ്രിമെന്റിൽ എർപ്പെട്ടിട്ടുള്ളതും ഗഡുക്കൾ പൂർണ്ണമായും അനുവദിച്ച് നൽകിയിട്ടില്ലാത്തതുമായ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ പുതിയ ഗുണഭോക്താക്കൾക്കും ഈ ആനുകൂല്യം നൽകാവുന്നതാണ് എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

എന്നാൽ 2023 മാർച്ച് 30ന് മുൻപ് പി.എം.എ.വൈ (നഗരം)-ലൈഫ് പദ്ധതി പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, എന്നാൽ ഭവന നിർമ്മാണം പൂർത്തിയാകാത്തതുമായ 7781 ഗുണഭോക്താക്കൾ ഉള്ളതായി സൂചന 2 പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്നും, നിലവിലെ ആനുകൂല്യം അത്തരം ഗുണഭോക്താക്കൾക്കും ലഭിക്കുന്നത് ഉറപ്പാക്കുന്നതിനായി, 2023-ന് മുൻപ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചവരെ കൂടി ഉൾപ്പെടുത്തണം എന്നും പരാമർശം 3 പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം 3 ലെ ശിപാർശ പരിഗണിച്ച്, 2023-ന് മുൻപ് പി.എം.എ.വൈ (നഗരം)-ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, 2023-ന് മുൻപ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്ത ഗുണഭോക്താക്കൾക്കുകൂടി യൂണിറ്റ് നിരക്കിന് പുറമെ ശൗചാലയം നിർമ്മിക്കുന്നതിനായി സ്വച്ഛ് ഭാരത് മിഷൻ (നഗരം) വിഹിതമായി 6,667/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽപറഞ്ഞ ഭേദഗതിയോടെ സൂചന 1 സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ് (U.O(F)No.DE1/347/2025-LSGD dated 05.01.2026)
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Vinod Kumar. V
Date: 02-06-2026 15:00:19
സെക്ഷൻ ഓഫീസർ